# വ്യാജ ത്വരീഖത്തും
# ശരീയായ തസവ്വുഫും

മൗലാനാ സയ്യിദ് മുസ്ത്വഫാ രിഫാഈ

പ്രസാധനം
സയ്യിദ് ഹസനി അക്കാദമി
ദാറുൽഉലൂം ഇസ്‌ലാമിയ്യ
ഓച്ചിറ,കൊല്ലം

അല്ലാഹുവേ, നീ അദൃശ്യമായതെല്ലാം അറിയുന്നു. സർവ്വകാര്യങ്ങളുടെ മേലും നിനക്ക് കഴിവുമുണ്ട്. ഇതിനെ മുൻനിർത്തി ഞാൻ നിന്നോടിരക്കുന്നു; ഞാൻ ജീവിച്ചിരിക്കുന്നത് നന്മയായിരിക്കുന്ന കാലമെല്ലാം എന്നെ ജീവിപ്പിക്കേണമേ. ഞാൻ മരിക്കുന്നത് ഉത്തമമായ സമയത്ത് എന്നെ മരിപ്പിക്കേണമേ. രഹസ്യത്തിലും പരസ്യത്തിലും നിന്നെ ഭയപ്പെടുക, തൃപ്തിയിലും കോപത്തിലും നീതിയുടെ വാക്കുകൾ പറയുക, വിശാലതയിലും ഞെരുക്കത്തിലും മധ്യ നില മുറുകെപ്പിടിക്കുക എന്നീ ഗുണങ്ങൾ ഉൾകൊള്ളാനുള്ള സൗഭാഗ്യം ഞാൻ നിന്നോടിരക്കുന്നു. അവസാനിക്കാത്ത സുഖം, നിലക്കാത്ത ചൺകുളിർമ, നിന്റെ തിരുമുഖം ദർശിക്കുക, അതിനുള്ള ആഗ്രഹം എന്നിവ ഞാൻ നിന്നോടിരക്കുന്നു. എന്നെ പ്രയാസപ്പെടുത്തുന്ന കാര്യങ്ങളിൽ നിന്നും വഴികെടുത്തുന്ന നാശത്തിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. അല്ലാഹുവേ, ഈമാൻ കൊണ്ട് ഞങ്ങളെ നീ അലങ്കരിക്കേണമേ.! ഞങ്ങളെ സൻമ്മാർഗ്ഗികളും സൻമ്മാർഗ്ഗദർശകരും ആക്കേണമേ.!'.

(മുനാജാത്ത് മഖ്ബൂൽ)

**VYAJA THAREEQATHUM THASAVVUFUM**

**BY, MOULANA SAYYID MUSTHAFA RIFAE**

**PUBILISHER: SAYYIDHASANI ACADEMY,**

**DARUL ULOOM OACHIRA**

# ആമുഖം

അന്ത്യപ്രവാചകൻ സയ്യിദുൽ മുർസലീൻ ശഫീഉൽ മുദ്നിബീൻ മുഹമ്മദുർറസൂലുല്ലാഹി ﷺയുടെ പ്രവർത്തനങ്ങളിൽ ഒന്നാണ് തസ്കിയത്ത് (ആത്മസംസ്കരണം). ആദരവായ റസൂലുല്ലാഹി ﷺ സ്വയം അകവും പുറവും പരിശുദ്ധനും സംസ്കരണം നിറഞ്ഞവരും ആയിരുന്നു. കൂടാതെ, ആത്മസംസ്കരണം സമ്പൂർണ്ണമായി കരസ്ഥമാക്കിയ ഒരു സമൂഹത്തെ വാർത്തെടുക്കുകയും ചെയ്തു. പിൻഗാമികളായ മഹത്തുക്കളും ആത്മസംസ്കരണ വിഷയത്തിൽ പ്രത്യേക ശ്രദ്ധിച്ചിരുന്നു. ഇതാണ് പിൽക്കാലത്ത് തസവ്വുഫ് എന്ന പേരിൽ അറിയപ്പെട്ടത്. എന്നാൽ നന്മകളുടെ എല്ലാ പരിശ്രമങ്ങളിലും വ്യാജന്മാർ കടന്ന് കൂടാറുള്ളത് പോലെ ഈ മേഖലയിലും ധാരാളം വ്യാജന്മാർ രംഗപ്രവേശനം ചെയ്യുകയും അവസ്ഥ വളരെ മോശമാക്കുകയും ചെയ്തു. എന്നാൽ എല്ലാ കാലത്തും സർവ്വ സ്ഥലങ്ങളിലും ശരിയായ തസവ്വുഫിനെ പഠിക്കുകയും പകർത്തുകയും പ്രചരിപ്പിക്കുകയും ചെയ്ത മഹാത്മാക്കളും ഉണ്ടായിട്ടുണ്ട്. ഇത്തരുണത്തിൽ ശരിയും തെറ്റും തിരിച്ചറിഞ്ഞ് തെറ്റിനെ ഉപേക്ഷിക്കലും ശരിയായതിനെ സ്വീകരിക്കലും എല്ലാവരുടെയും ബാധ്യതയും വളരെ എളുപ്പവുമാണ്.

ഈ ഫഖീർ അല്ലാഹുവിന്റെ അനുഗ്രഹമെന്നോണം പറയട്ടെ: തസവ്വുഫുമായി ബന്ധമുള്ള ഒരു കുടുംബത്തിലാണ് വിനീതൻ ജനിച്ചത്. ആദരണീയ പിതാവ് സയ്യിദ് ഗൗസുല്ലാഹ് രിഫാഈ ജീലാനി മുതൽ സയ്യിദുൽ ഔലിയ അബ്ദുൽ ഖാദിർ ജീലാനി رحمة الله عليه വരെയുള്ള മുഴുവൻ പിതാമഹന്മാരും സൂഫിവര്യന്മാരായിരുന്നു.

ഇവരെല്ലാവരും ഖാദിരിയ്യാ ത്വരീഖത്തുമായി ബന്ധമുള്ളവരായിരുന്നു വെങ്കിലും ഞങ്ങളുടെ പതിമൂന്നാം തലമുറ മുതൽ ഉള്ളവർ സയ്യിദുൽ ആരിഫീൻ അഹ്മദ് കബീർ രിഫാഈ رحمه الله യുടെ ത്വരീഖത്തുമായും ബന്ധപ്പെടുകയും ഉപഭൂഖണ്ഡത്തിൽ അതും പ്രചരിപ്പിക്കുകയും ചെയ്തു. പിതാവിന്റെ അരികിൽ തസവ്വുഫുമായി ബന്ധപ്പെട്ട ധാരാളം മഹാന്മാർ വന്നതിനാലും പിതാവിന്റെ കൂട്ടത്തിലുള്ള നിരന്തരം യാത്രകളിലൂടെ മഹാന്മാരെ സന്ദർശിച്ചതിനാലും വിനീതന് അവരെ പ്രയോജനപ്പെടുത്താൻ സാധിച്ചു. ശേഷം തസവ്വുഫുമായി വലിയ ബന്ധമുള്ള രണ്ട് സ്ഥാപനങ്ങളായ വേലൂർ മദ്റസാ ബാഖിയാത്തുസ്സ്വാലിഹാത്തിലും ലക്നൗ നദ്വത്തുൽ ഉലമയിലും പഠിക്കാൻ അവസരമുണ്ടായപ്പോൾ ഉസ്താദുമാരിലൂടെയും രചനകളിലൂടെയും തസവ്വുഫിനെ കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിനിടയിൽ തസവ്വുഫിന്റെ പേരിൽ പ്രചരിപ്പിക്കപ്പെടുന്ന ധാരാളം അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തിരിച്ചറിയാനും സാധിച്ചു. തുടർന്ന് കർമ്മ മണ്ഡലവുമായി ബന്ധപ്പെട്ടപ്പോൾ ഈ വിഷയത്തിൽ കൂടുതൽ കാര്യങ്ങൾ വ്യക്തമായി.

ഇത്തരുണത്തിൽ ഈ ഒരു വിഷയത്തെക്കുറിച്ച് ഹൃസ്വമായ നിലയിൽ ജനങ്ങൾക്ക് ഉദ്ബോധനം നൽകാൻ ഒരു രചന തയ്യാറാക്കണമെന്ന് പല സ്നേഹിതരും അഭിപ്രായപ്പെട്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇത് വളരെ വേഗത്തിൽ തയ്യാറാക്കാൻ കഴിഞ്ഞു. ശരിയായ വഴിയിൽ കൂടി സഞ്ചരിക്കുന്നവർക്ക് കൂടുതൽ ആവേശം പകരാനും തെറ്റായ മാർഗ്ഗത്തിലൂടെ നീങ്ങുന്നവർക്ക് പശ്ചാത്തപിച്ച് ശരിയായ വഴിയിലേക്ക് വരാൻ പ്രേരകവുമായി പടച്ചവൻ ഇത് സ്വീകരിക്കട്ടെ.

# വ്യാജ ത്വരീഖത്തും ശരീയായ തസവ്വുഫും

## 1. ശരീഅത്ത് നിയമങ്ങൾ പരമപ്രധാനം.

വ്യാജ ത്വരീഖത്തുകാർ പറയുന്നു: ശരീഅത്ത് നിയമങ്ങൾ പൊതുജനങ്ങൾക്ക് മാത്രമാണ് ബാധ്യതയായിട്ടുള്ളത്. പടച്ചവന്റെ വിശിഷ്ട ദാസന്മാർക്ക് അത് നിർബന്ധമില്ല. നമസ്ക്കാരം, നോമ്പ് മുതലായ ആരാധനകളും ബാഹ്യ ആരാധനകളും പ്രാരംഭക്കാരായ പൊതുജനങ്ങളുടെ സംസ്കരണത്തിനുള്ള കാര്യങ്ങളുമാണ്. തസവ്വുഫിൽ പ്രവേശിച്ചവർ നിരന്തരം ദിക്റിൽ ലയിച്ചതിനാൽ അവർക്ക് ഇവ ആവശ്യമില്ല. കൂടാതെ, ഇവകളിൽ ലോകമാന്യതയ്ക്ക് സാധ്യതയുമുണ്ട്. അവർ പറയുന്നു: ശരീഅത്തും ത്വരീഖത്തും രണ്ടാണ്. ശരീഅത്ത് തുടക്കവും ത്വരീഖത്ത് ഒടുക്കവുമാണ്. അവസാനത്തിൽ എത്തിയവർക്ക് പ്രാരംഭത്തിന്റെ യാതൊരു ആവശ്യവുമില്ല!

വ്യാജ ത്വരീഖത്തുകാർ ഇപ്രകാരം ഇസ്ലാമിക നിമയങ്ങളെ അവഗണിക്കുകയും നിന്ദിക്കുകയും ചെയ്യാറുണ്ട്. എന്നാൽ യഥാർത്ഥ സൂഫിവര്യന്മാർ നമസ്ക്കാരം, നോമ്പ് എന്നല്ല, ശരീഅത്തിന്റെ ഒരു നിയമങ്ങളെയും നിസ്സാരമായി കാണുന്നതല്ല. അവ ഉപേക്ഷിക്കുന്നത് പോകട്ടെ, സമയം പിന്തിക്കുന്നത് പോലും അവർക്കിഷ്ടമല്ല. ഫർളുകളിൽ മാത്രമല്ല, സുന്നത്തുകളിൽ പോലും അവർ വലിയ സൂക്ഷ്മത പാലിക്കുന്നു. വ്യാജ ത്വരീഖത്തുകാരുടെ ഇത്തരം വഴികേടുകളെ മഹാന്മാരായ സൂഫിവര്യന്മാർ തന്നെ ശക്തമായി തന്നെ എതിർത്തിട്ടുണ്ട്. അല്ലാമാ മുഹമ്മദ് ബർമക്കി കുറിക്കുന്നു: വ്യാജ സൂഫികളുടെ അനിസ്ലാമിക പ്രവർത്തനങ്ങളെ എതിർക്കുമ്പോൾ ഞങ്ങൾ ആന്തരിക വിജ്ഞാനത്തിന്റെ ആളുകളാണെന്നും

ഞങ്ങൾക്ക് ഖുർആൻ ഹദീസുകളുടെ ബാഹ്യ ആശയങ്ങളുമായി യാതൊരു ബന്ധവും ഇല്ലെന്ന് വാദിക്കാറുണ്ട്. ഈ വാദം വ്യക്ത മായ വഴികേടും മുഹമ്മദീ ശരീഅത്തിനെ നിന്ദിക്കലുമാണ്. ഇത്തരം വാദങ്ങൾ ഉന്നയിക്കുന്നവർ വ്യാജന്മാർ ആണെന്ന് വിളിച്ച് പറയാൻ നാം അൽപ്പം പോലും അമാന്തിക്കരുത്. സൂഫികളുടെ നായകൻ ജുനൈദുൽ ബാഗ്ദാദി رحمه الله പ്രസ്താവിക്കുന്നു: റസൂലുല്ലാഹി ﷺ യുടെ മാർഗ്ഗത്തെ പിൻപറ്റുക എന്നതുമാത്രമാണ് ഏക രക്ഷമാർഗ്ഗം. (അത്ത്വരീഖുൽ മുഹമ്മദിയ്യാ). ഇതര മഹാത്മാക്കളും ഈ കാര്യം ശക്തിയുക്തം വിവരിച്ചിട്ടുണ്ട്. (ഫത്താവാ അല്ലാമാ അബ്ദുൽ ഹയ്യ് ലക്നൗവി 168, റൂഹുൽ മആനി 4/322, തൽബീസ് ഇബ്ലീസ് 368)

സയ്യിദുൽ ഔലിയാ അബ്ദുൽ ഖാദിർ ജീലാനി رحمه الله പ്ര സ്താവിക്കുന്നു: തഖ്‌വ മുറുകെ പിടിയ്ക്കുക, ശരീഅത്ത് നിയമങ്ങൾ പാലിയ്ക്കുക, റസൂലുല്ലാഹി ﷺയെ പിൻപറ്റുകയും ശരീഅത്തിനെ മുറുകെ പിടിയ്ക്കുകയും ചെയ്യാത്തവൻ പടച്ചവന്റെ പൊരുത്തത്തിൽ എത്തിച്ചേരുന്നതല്ല. ഇത്തരം ആളുകൾ സ്വയം വഴികെടുന്നതും മറ്റുള്ളവരെ വഴി കെടുത്തുന്നതുമാണ്.(തുഹ്ഫ സുബ്ഹാനി 25-ാം മജ്‌ലിസ്). ശരീഅത്തിന്റെ വിധിവിലക്കുകളിൽ അന്ത്യനാളു വരെ ഒരുവിധ ഭേദഗതിയും സാധ്യമല്ലെന്നും ദേദഗതിയാവാമെന്നു വാദിക്കുന്നവൻ പിശാചാണെന്നും ശൈഖ് ജീലാനി ഉറച്ചുവിശ്വ സിച്ചിരുന്നു. ശൈഖ് വിവരിക്കുന്നു: ''ഒരിക്കൽ ഞാൻ അത്യപൂർ വമായ ഒരു പ്രകാശം കണ്ടു. ആകാശം മുഴുവൻ അതുകൊണ്ട് നിറഞ്ഞു. അതിനിടയിലൂടെ ഒരു രൂപം പ്രത്യക്ഷപ്പെട്ട് എന്നോടു പറഞ്ഞു: അബ്ദുൽഖാദിറേ, ഞാൻ നിങ്ങളുടെ രക്ഷിതാവാണ്. എല്ലാ നിഷിദ്ധകാര്യങ്ങളും നിങ്ങൾക്കു ഞാൻ അനുവദനീയമാക്കി യിരിക്കുന്നു. ഉടനെ ഞാൻ പ്രതികരിച്ചു: ശപിക്കപ്പെട്ട പിശാചേ, നീ മാറിപ്പോവുക. ഇതു പറഞ്ഞപാടെ ആ പ്രകാശം ഇരുളായി മാറി. രൂപം പുകയായി. അതിൽ നിന്ന് ഒരു അശരീരിയുണ്ടായി. 'നിങ്ങളുടെ വിജ്ഞാനവും ബോധവും കാരണം പടച്ചവൻ നിങ്ങളെ രക്ഷിച്ചു. ഇത്തരം മാർഗങ്ങളുപയോഗിച്ച് എഴുപതു സൂഫികളെ ഞാൻ വഴികേടിലാക്കിയിട്ടുണ്ട്.' ഞാൻ പറഞ്ഞു: ''എന്റെ കഴിവ ല്ല, അല്ലാഹുവിന്റെ ഔദാര്യമാണ്.' സംഭവ വിവരണം കേട്ടപ്പോൾ ഒരാൾ ചോദിച്ചു: അതു പിശാചാണെന്നു താങ്കൾ എങ്ങനെ മനസ്സിലാക്കി?'' ശൈഖ് പറഞ്ഞു: ''നിഷിദ്ധമായത് ഹലാലാക്കി

യിരിക്കുന്നുവെന്നു കേട്ടപ്പോൾ'' (തബഖാത്) ശൈഖ് പ്രസ്താവിക്കുന്നു: അല്ലാഹുവിന്റെ നിയമങ്ങളിൽ വല്ലതും നിങ്ങളിൽനിന്ന് ഇല്ലാതായാൽ നിങ്ങൾ ഫിത്നയിൽ കുടുങ്ങിയെന്നും പിശാച് നിങ്ങളെ കളിപ്പാവയാക്കിയിരിക്കുകയാണെന്നും മനസ്സിലാക്കുക. ഉടനെ ശരീഅത്തിലേക്കു മടങ്ങുകയും അതു മുറുകെ പിടിക്കുകയും തോന്നലുകൾ വർജ്ജിക്കുകയും ചെയ്യുക. കാരണം, ശരീഅത്തിൽ ഇല്ലാത്തതെല്ലാം അസത്യമാകുന്നു'' (തബഖാത്). പിൽക്കാലത്തുള്ള സൂഫിവര്യന്മാരും ഇതേ മാർഗ്ഗത്തിലാണ് സഞ്ചരിച്ചിരുന്നത്. (വിവരണത്തിന് ഇസ്‌ലാമിലെ നവോത്ഥാന നായകർ മൂന്നാം ഭാഗം പാരായണം ചെയ്യുക.).

## 2. ശരീഅത്ത് വിജ്ഞാനങ്ങൾ മഹത്തരം

വ്യാജ ത്വരീഖത്തുകാർ പറയുന്നു: ഖുർആൻ, ഹദീസ്, ഫിഖ്ഹ് മുതലായവ ബാഹ്യവിജ്ഞാനങ്ങളാണ്. ഇത് പൊതുജനങ്ങൾക്കുള്ള അറിവാണ്. പടച്ചവന്റെ വിശിഷ്ട ദാസന്മാർക്ക് ലദുന്നി, വഹബി മുതലായ ആത്മീയ ജ്ഞാനങ്ങൾ നേരിട്ട് നൽകപ്പെടുന്നുണ്ട്. അവർക്ക് ബാഹ്യവിജ്ഞാനങ്ങളുടെ ആവശ്യമില്ല. ബാഹ്യവിജ്ഞാനം തൊലിയും എല്ലുമാണ്. ആന്തരിക വിജ്ഞാനം മജ്ജയും മാംസവുമാണ്! ഇവരുടെ ഈ വാദം തീർത്തും തെറ്റാണ്. ഇവർ സമുദായത്തെ വിവരക്കേടുകളിലേക്ക് തള്ളിയിടുന്നവരാണ്. ഇവരും ഇവരുമായി ബന്ധപ്പെട്ടവരും ദീനീ വിജ്ഞാനങ്ങളുമായി അൽപ്പവും ബന്ധപ്പെടാതെ നടക്കുന്നതിന്റെ കാരണവും ഇത് തന്നെയാണ്.

എന്നാൽ ശരിയായ സൂഫിവര്യന്മാർ ദീനീ വിജ്ഞാനങ്ങൾ പഠിക്കാൻ മാത്രമല്ല, അതിൽ അവഗാഹം ഉണ്ടാക്കിയെടുക്കാൻ പരിശ്രമിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നവരാണ്. കാരണം ആത്മസംസ്കരണത്തിന്റെ ലക്ഷ്യം വിശ്വാസ-കർമ്മങ്ങളും സ്വഭാവ രീതികളും നന്നാക്കലാണ്. ഇത് സമുന്നത പ്രവർത്തനം ആയതിനോട് കൂടി അങ്ങേയറ്റം സൂക്ഷ്മത ആവശ്യമുള്ള കാര്യവുമാണ്. ഇതിന് ആഴമേറിയ അറിവും വിശാലമായ പാണ്ഡിത്യവും ആവശ്യമാണ്. വിവരം കെട്ട ശൈഖുമാരുടെ ഉദാഹരണം അന്ധന്മാരെപ്പോലെയാണ്. അന്ധൻ മറ്റുള്ളവർക്ക് എന്ത് വഴികാട്ടാനാണ്? അൽപ്പജ്ഞാനി

വിശ്വാസത്തിന് അപകടകാരി എന്ന് പറയുന്നതുപോലെ അറിവ് കുറഞ്ഞ സൂഫികൾ അപകടകാരിയാണ്. ഖുർആൻ, ഹദീസ്, ഫിഖ്ഹുകളുമായി നിരന്തരം ബന്ധപ്പെടുന്ന സൂഫികളുമായി മാത്രമേ ബൈഅത്ത് ചെയ്യാൻ പാടുള്ളൂ. ശൈഖ് അബുൽ ഹസൻ ശാദുലി പ്രസ്താവിക്കുന്നു: ശരീയായ അറിവില്ലാത്തവൻ ഒരിക്കലും ആത്മീയ വഴികാട്ടിയാകാൻ പറ്റിയവനല്ല. (കിത്താബുൽ ഉഹൂദ് ശഅ്റാനി 3/87). അല്ലാമാ ഇബ്നുൽ ഖയ്യൂം കുറിക്കുന്നു: സൂഫികൾ വിജ്ഞാനത്തെ ശക്തമായി പ്രേരിപ്പിക്കുന്നവരാണ്. വിജ്ഞാനമില്ലാത്തവരിൽ നിന്നും അകന്ന് കഴിയണമെന്ന് അവർ നിർദ്ദേശിക്കുന്നു. (മദാരിജുസ്സാലിക്കീൻ 1/75). ഇതേ കാര്യം ഇതര മഹാത്മാക്കാളുംപ്രസ്താവിച്ചിരിക്കുന്നു. (അൽയവാഖീത്തു വൽ ജവാഹീർ 2/87, ലത്താഇഫ് അഷ്റഫി 6, സിയറുൽ അമ്പിയാഅ് 289)

സയ്യിദ് അഹ്മദ് കബീർ രിഫാഈ رحمه الله ആരെയെങ്കിലും ബൈഅത്ത് ചെയ്താൽ അവരോട് അറിവിനെപ്പറ്റി ചോദിക്കുമായിരുന്നു. അറിവില്ലാത്തവരോട് അറിവ് കരസ്ഥമാക്കാൻ ശക്തമായി ഉണർത്തിയിരുന്നു. (അൽ മആരിഫുൽ മുഹമ്മദിയ 41) അല്ലാമാ തീബി പ്രസ്താവിക്കുന്നു: യഥാർത്ഥ സൂഫിവര്യന്മാർ അറിവും കർമ്മവും ഒരുമിച്ച് കൂട്ടിയവരാണ്. രണ്ടും വർദ്ധിപ്പിക്കാനും നന്നാക്കാനും അവർ പരിശ്രമിക്കുന്നു. (വസിയ്യത്തുൽ ഇഖ്ലാസ്). ഇന്ന് ധാരാളം ആളുകൾ താൻ ശൈഖാണെന്ന് യാതൊരു മടിയുമില്ലാതെ വാദിക്കുന്നുണ്ട്. എന്നാൽ അവരുടെ യാഥാർത്ഥ്യം അന്വേഷിക്കുമ്പോൾ ഇൽമും ഉലമാഉമായി അവർക്ക് യാതൊരു ബന്ധവുമില്ലെന്നും പലരും ഭൗതിക വിജ്ഞാനം മാത്രം കരസ്ഥമാക്കിയവരാണെന്നും വ്യക്തമാകുന്നതാണ്. ആകയാൽ ആരെങ്കിലുമായി സംസ്കരണ വിഷയത്തിൽ ബന്ധപ്പെടുമ്പോൾ അവർ ആരാണ്, ആരിൽ നിന്നും പഠിച്ചവരാണ്, വിജ്ഞാനവുമായി ബന്ധമുള്ളവനാണോ എന്നീ കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് മുഴുവൻ സഹോദരീ സഹോദന്മാരെയും ഉപദേശിക്കുന്നു.

## 3. ഇസ്‌ലാമിക മറ നിർബന്ധം

വ്യാജ സൂഫികൾ പറയുന്നു: അന്യ സ്ത്രീകളിൽ നിന്നും മറ നിർബന്ധമായത് പൊതുജനങ്ങൾക്കാണ്. കാരണം പൊതുജനങ്ങളുടെ മനസ്സും മസ്തിഷ്കവും മോശമായ ചിന്താ വിചാര വികാരങ്ങൾ

കൊണ്ട് നിറഞ്ഞിരിക്കുന്നു. എന്നാൽ സൂഫികൾക്ക് ഈ മറയുടെ ആവശ്യമില്ല. അവരുടെ കണ്ണും മനസ്സും മസ്തിഷ്കവും തിന്മകളിൽ നിന്നും പരിശുദ്ധമായിരിക്കും. ചിലർ പറയുന്നു: സൂഫികൾ പിതാവിനെപ്പോലെയാണ്. അവരിൽ നിന്നും സ്ത്രീകൾ മറ പാലിക്കേണ്ടയാതൊരു ആവശ്യവുമില്ല!

അന്യ സ്ത്രീ പുരുഷന്മാർ പരസ്പരം മറ പാലിക്കണമെന്നുള്ളത് ഇസ്‌ലാമിന്റെ കർശന നിർദ്ദേശമാണ്. അതുകൊണ്ട് തന്നെ യഥാർത്ഥ സൂഫിവര്യന്മാർ ആയിരണക്കണക്കിന് സ്ത്രീ പുരുഷന്മാരുമായി ബന്ധപ്പെടുമെങ്കിലും പരിപൂർണ്ണ മറ നിലനിർത്താൻ പ്രത്യേകം ശ്രദ്ധിക്കുന്നവരാണ്. ഹിജ്‌റ 5-ാം നൂറ്റാണ്ടിൽ തലപൊക്കിയ ബാത്തിനി പ്രസ്ഥാനമാണ് മറയുടെ പ്രാധാന്യത്തിൽ നിന്നും സമുദായത്തെ തിരിച്ച് വിട്ടത്. ഇമാം ഗസ്സാലി പറയുന്നു: അന്യ സ്ത്രീകളെയും പെൺകുട്ടികളെയും വശീകരിക്കാനും അവരെ തിന്മകളിലേക്ക് പ്രേരിപ്പിക്കാനുമായിരുന്നു അവർ ഇപ്രകാരം ചെയ്തത്. (അർബഈൻ 147)

ത്വരീഖത്തിന്റെ പേരിൽ അന്യ സ്ത്രീകളും പുരുഷന്മാരും കൂടിക്കലരുന്ന അവസ്ഥകൾ ഇന്ന് വർദ്ധിച്ച് കൊണ്ടിരിക്കുന്നു. എന്നാൽ ഖുർആനും ഹദീസും ഇതി#െ ശക്തിയുക്തം എതിർത്തിട്ടുണ്ട്. റസൂലുല്ലാഹി ﷺ അരുളി: ഒരു അന്യ സ്ത്രീയും പുരുഷനും തനിച്ചിരുന്നാൽ മൂന്നാമതായി പിശാച് ഉണ്ടാകുന്നതാണ്. (ബുഖാരി). അന്ധനായ സഹാബി ഇബ്നു മുക്തൂം കടന്ന് വന്നപ്പോൾ ഭാര്യമാരോട് മാറിപ്പോകാൻ നിർദ്ദേശിച്ച റസൂലുല്ലാഹി ﷺ അവരോട് ചോദിച്ചു: അദ്ദേഹം അന്ധനായതുപോലെ നിങ്ങളും അന്ധരാണോ? (തിർമിദി). പ്രവാചക പത്നിമാരോട് വല്ല സാധനങ്ങളും ചോദിക്കുന്നെങ്കിൽ മറയുടെ പിന്നിൽ നിന്ന് മാത്രം ചോദിക്കണമെന്ന് ഖുർആനിൽ ഉണർത്തപ്പെട്ടിരിക്കുന്നു. (അഹ്‌സാബ് 53). റസൂലുല്ലാഹി ﷺ ഒരു അന്യ സ്ത്രീയുടെയും കൈ സ്പർശിച്ചിട്ടില്ല. (ബുഖാരി). സഹോദരന്റെ ഭാര്യയുടെ അരികിലേക്ക് പോലും പോകുന്നത് അപകടകാരണമാണെന്ന് റസൂലുല്ലാഹി ﷺ ഉണർത്തി. (അബൂദാവൂദ്).

## 4. ആദരവിന്റെ സുജൂദ് അനുവദനീയമല്ല

വ്യാജ ത്വരീഖത്തുകാർ വാദിക്കുന്നു: മഹാന്മാരോടുള്ള ബഹുമാന ആദരവുകളുടെ പേരിൽ അവരെ സുജൂദ് ചെയ്യാവുന്ന

താണ്. യഅ്ഖൂബ് നബി (അ)നും മക്കളും യൂസുഫ് നബി (അ) യെ സുജൂദ് ചെയ്തത് ഇതിന്റെ തെളിവാണ്. മഹാന്മാർക്ക് സുജൂദ് ചെയ്യുന്നതിലൂടെ മനസ്സിൽ നിന്നും അഹങ്കാരം ഇല്ലാതാകുന്നതാണെന്നും അതുകൊണ്ടാണ് അല്ലാഹു മലക്കുകളോട് ആദമിന് സുജൂദ് ചെയ്യാൻ കൽപ്പിച്ചതെന്നും അവർ പറയുന്നു.

വ്യാജ ത്വരീഖത്തുകാരുടെ ഈ വ്യാഖ്യാനങ്ങൾ തീർത്തും തെറ്റാണ്. ശൈഖ് അഹ്മദ് സർഹിന്ദി പ്രസ്താവിക്കുന്നു: മുരീദുമാർ ശൈഖിനെ സുജൂദ് ചെയ്യുന്നത് അനുവദനീയമല്ല. ഇതിന്റെ തിന്മ സൂര്യ പ്രകാശത്തേക്കാൾ വ്യക്തമാണ്. (മക്തൂബാത്ത് 29). ശൈഖ് അഹ്മദ് സയ്നി പ്രസ്താവിക്കുന്നു: നിർബന്ധിത സാഹചര്യമോ ന്യായമോ ഇല്ലാതെ അല്ലാഹു അല്ലാത്ത ആരുടെയെങ്കിലും മുന്നിൽ സുജൂദ് ചെയ്യുന്നത് നിഷേധമാണ്. (ഫത്താവാ ശൈക് സയ്നി). സുജൂദ് മാത്രമല്ല, കുനിയുന്നത് പോലും ഹദീസിൽ നിരോധിക്കപ്പെട്ടിരിക്കുന്നു. (തിർമിദി). ഖാളി സനാഉല്ലാഹ് പാനിപ്പത്തി കുറിക്കുന്നു: മഹാന്മാരുടെ ഖബ്റുകൾക്ക് സുജൂദ് ചെയ്യലും അവയെ ചുംബിക്കലും അവയുടെ മേൽ കൈ തടകലും ഹറാമിനോട് അടുത്ത കറാഹത്തുകളാണ്. (മഅത്തു മസാഇൽ 12). ഹകീം അബുൽ ഊല ബറക്കാത്തി കുറിക്കുന്നു: ആദരവിനുവേണ്ടി സുജൂദ് ചെയ്യുന്നത് ഹറാമാണ്. ഇബാദത്ത് ഉദ്ദേശിച്ചുകൊണ്ട് ആർക്കെങ്കിലും സുജൂദ് ചെയ്യുന്നത് നിഷേധമാണ്. (ബഹാറെ ശരീഅത്ത് 11/99).

## 5. വ്യാജ ത്വരീഖത്തുകാരുടെ ചില അടയാളങ്ങൾ

വ്യാജ ത്വരീഖത്തുകാർ ഭൗതിക സ്നേഹമുള്ളവരും സമ്പത്തിനോട് ആർത്തിയുമുള്ളവരുമായിരിക്കും. സാധുക്കളേക്കാൾ കൂടുതലായി പണക്കാരിലേക്ക് ഇവർ ശ്രദ്ധ തിരിക്കുന്നതാണ്. (ഗുൻയത്തുത്വാലിബീൻ 1/56). മഹാനായ ശൈഖ് ജീലാനിയ്ക്ക് ഒരു രാജാവ് ഒരു പ്രദേശത്തിന്റെ ഭരണം തന്നെ നൽകിയപ്പോൾ അദ്ദേഹം അതിന് വിസമ്മതിക്കുകയുണ്ടായി. തദവസരം മഹാനവർകൾ പറഞ്ഞു: എനിയ്ക്ക് അധികാരത്തോട് വല്ല താൽപ്പര്യവും ഉണ്ടായാൽ എന്റെ അവസ്ഥ തന്നെ കറുത്ത് പോകുന്നതാണ്.

വ്യാജ ത്വരീഖത്തുകാർ ചിലപ്പോൾ വ്യക്തമായും മറ്റുചിലപ്പോൾ സൂചനാപരമായും വീരവാദങ്ങൾ മുഴക്കുന്നതാണ്. ഞാൻ എന്റെ മുരീദിനെ സഹായിക്കും, ഇഹലോകത്ത് തന്നെ അല്ലാഹുവി

നെ കാണിച്ച് കൊടുക്കും, പരലോകത്തിൽ സ്വർഗ്ഗത്തിൽ കയറ്റും എന്നിങ്ങനെ പലവാദങ്ങളും അവർ നടത്തുകയോ മുരീദുമാർ പ്രചരിപ്പിക്കുകയോ ചെയ്യാറുണ്ട്. ഇത്തരം വാദങ്ങളെക്കുറിച്ച് ഇബ്നു ജൗസി പ്രസ്താവിക്കുന്നു: ഈ വാദങ്ങൾ അങ്ങേയറ്റം മ്ലേച്ഛമാണ്. ഇത്തരം വാദങ്ങൾ നടത്തി നിന്ദ്യരാകുന്നതിൽ നിന്നും അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ. (തൽബീസ് ഇബ്‌ലീസ്).

വ്യാജ ത്വരീഖത്തുകാർ ജനങ്ങളുടെ മേൽ മഹത്വം തെളിയിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഖവാലി പോലുള്ള ഗാനമേളകളും ഉത്സവങ്ങളും നടത്തിയിരുന്നു. ഗാനമേളയിലൂടെ കാപട്യമുണ്ടാകുമെന്ന് ഹദീസിൽ വന്നിരിക്കുന്നു. (ദുർറുൽ മുഖ്താർ). സയ്യിദുനാ അബ്ദുൽ ഖാദിർ ജീലാനി വസിയ്യത്ത് ചെയ്തു: ഗാന സദസ്സുകളിൽ ഇരിക്കരുത്. അത് കാപട്യം ഉണ്ടാക്കുകയും മനസ്സിനെ മരിപ്പിക്കുകയും ചെയ്യുന്നതാണ്.

വ്യാജ ത്വരീഖത്തുകാർ ഫർളുകളും സുന്നത്തുകളും പകർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിന് പകരം ഔറാദ് വളാഇഫുകൾക്കും സൂഫീ കർമ്മങ്ങൾക്കും അമിത സ്ഥാനം നൽകുന്നതാണ്. ഇപ്രകാരം അവർ അവരുടെയും ശിഷ്യരുടെയും അവസ്ഥകൾ നന്നാക്കാൻ പരിശ്രമിക്കാറുമില്ല. ഇബാദത്തുകളിലും സ്വഭാവങ്ങളിലും സംഭവിച്ച് കൊണ്ടിരിക്കുന്ന പിഴവുകളെ തിരുത്തുകയും ചെയ്യാറില്ല. മറ്റുചിലർ പടച്ചവൻ അനുവദിച്ച കാര്യങ്ങളെ ഉപേക്ഷിക്കുകയും നിശിദ്ധമായി പ്രഖ്യാപിക്കുകയും ചെയ്യാറുണ്ട്. മാംസാഹാരങ്ങൾ ഉപേക്ഷിക്കുകയും മറ്റുള്ളവരെ അതിനുവേണ്ടി പ്രേരിപ്പിക്കുകയും ചെയ്യുന്നു. വേറെ ചിലർ പരിശുദ്ധ ഖുർആനിനും ഹദീസിനും തെറ്റായ ദുർവ്യാഖ്യാനങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ഇതെല്ലാം വ്യാജ ത്വരീഖത്തുകാരുടെ അടയാളങ്ങളാണ്. ഇത്തരം ആളുകളിൽ നിന്നും അകന്ന് കഴിയാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഉപസംഹാരം

മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നും ശരിയായ സൂഫിവര്യന്മാരെ കണ്ടെത്തുക സാധ്യമല്ലെന്ന് ആരും വിചാരിക്കരുത്. തീർച്ചയായും ശരിയായ സൂഫിവര്യന്മാർ എല്ലാ കാലത്തും സർവ്വസ്ഥലങ്ങളിലും ഉണ്ട്. നിഷ്കളങ്കമായി ആഗ്രഹിക്കുകയും അന്വേഷിക്കുകയും ചെയ്താൽ അവരെ തിരിച്ചറിയാൻ സാധിക്കുന്നതാണ്. അവർ

ജനങ്ങളെ കാണിക്കാൻ വേണ്ടി എന്തെങ്കിലും കാട്ടിക്കൂട്ടുകയോ പ്രസിദ്ധി ഇഷ്ടപ്പെടുകയോ ചെയ്യുന്നതല്ല. എന്നാൽ അടയാളങ്ങളിലൂടെ അവരെ തിരിച്ചറിയാൻ സാധിക്കുന്നതാണ്. അതിൽ ചില അടയാളങ്ങൾ മഹാന്മാരുടെ വാക്യങ്ങളിലൂടെ ഇവിടെ വിവരിക്കുന്നു:

സയ്യിദുൽ ഔലിയ അബ്ദുൽ ഖാദിർ ജീലാനി رحمة الله عليه പ്രസ്താവിക്കുന്നു: ശരിയായ സൂഫിവര്യന്മാർ ശരീഅത്തിന്റെയും ത്വരീഖത്തിന്റെയും വിജ്ഞാനങ്ങൾ പഠിച്ചവരും കഴിവിന്റെ പരമാവധി അല്ലാഹുവിനെ അറിഞ്ഞവരും പാപങ്ങളിൽ നിന്നും അകന്ന് കഴിയുന്നവരും ഭൗതിക സുഖ-രസങ്ങൾ ഉപേക്ഷിച്ചവരുമാണ്. (ബഹ്ജത്തുൽ അസ്റാർ 11). സയ്യിദുൽ ആരിഫീൻ അഹ്മദ് കബീർ രിഫാഈ പ്രസ്താവിക്കുന്നു: സൂഫിയുടെ മനസ്സിൽ ഇഖ്ലാസ് ഉദ്ദേശ ശുദ്ധി, ശിക്ഷണത്തിനുള്ള യോഗ്യത, ആവശ്യമായ അറിവ്, അറിവ് അനുസരിച്ചുള്ള ജീവിതം എന്നിവ ഉണ്ടായിരിക്കൽ നിർബന്ധമാണ്. (ഇർഷാദാത്തെ രിഫാഈ 55). ശൈഖ് ശിഹാബുദ്ദീൻ സുഹ്റവർദി കുറിക്കുന്നു: അവരെക്കണ്ടാൽ അല്ലാഹുവിനെ ഓർമ്മ വരുന്നതാണ്. (അവാരിഫുൽ മആരിഫ്) സയ്യിദ് അഹ്മദ് ഇസ്സുദ്ദീൻ പറയുന്നു: ഗൗരവമായ നന്മ-തിന്മകളെ മനസ്സിലാക്കുകയും ഇബാദത്ത് നിയമങ്ങൾ ഗ്രഹിക്കുകയും പരിശുദ്ധ വിശ്വാസം പുലർത്തുകയും സൽസ്വഭാവം മുറുകെ പിടിയ്ക്കുകയും സംസ്കരണ രീതികൾ ഗ്രഹിക്കുകയും ചെയ്തിരിക്കണം. (അൽ മആരിഫുൽ മുഹമ്മദിയ). ശൈഖ് മഖ്ദൂം ജഹാനിയാൻ പറയുന്നു: അതാത് കാലഘട്ടത്തിലുള്ള പണ്ഡിത മഹത്തുക്കൾ അവരിൽ വിശ്വാസം അർപ്പിച്ചിരിക്കണം. (ജാമിഉൽ ഉലൂം). ഹസ്രത്ത് ശാഹ് വലിയുല്ലാഹിദ്ദഹ്ലവി കുറിക്കുന്നു: ബൈഅത്ത് ചെയ്യപ്പെടുന്നവരിൽ അഞ്ച് ഗുണങ്ങൾ ഉണ്ടായിരിക്കണം. 1. ഖുർആൻ ഹദീസുകളെക്കുറിച്ചുള്ള അറിവ്. 2. നീതിയും ഭയഭക്തിയും മുറുകെപ്പിടിക്കുകയും വൻപാപങ്ങൾ വർജ്ജിക്കുകയും ചെറുപാപങ്ങളിൽ ഉറച്ച് നിൽക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. 3. ഭൗതിക വിരക്തി പുലർത്തുകയും പരലോകത്തിൽ തൽപ്പരനാവുകയും പ്രധാന നന്മകളിൽ നിഷ്ഠയുള്ളവരാകുകയും നിരന്തരം ദിക്റുകളുമായി ബന്ധപ്പെടുകയും വേണം. 4. നന്മ കൽപ്പിക്കുകയും തിന്മ തടയുകയും ചെയ്യണം. 5. ഏതെങ്കിലും മഹാന്മാരുമായി അൽപ്പ നാളെങ്കിലും സഹവസിക്കേണ്ടതാണ്. (ശിഫാഉൽ അലീൽ).

ചുരുക്കത്തിൽ തസവ്വുഫ് വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ്. എല്ലാവരും അതുമായി അവരവരുടെ കഴിവനുസരിച്ച് ബന്ധപ്പെടേണ്ടതാണ്. പണ്ഡിത മഹത്തുക്കളും ഇതര ദീനീ സേവനങ്ങൾ ചെയ്യുന്നവരും ഇതുമായി പ്രത്യേകം ബന്ധപ്പെടേണ്ടതാണ്. എന്നാൽ ഈ ബന്ധം വളരെ സൂക്ഷ്മതയോട് കൂടിയുള്ളതാകണം. പ്രസ്തുത സൂക്ഷ്മതയുടെ കാര്യങ്ങൾ ശ്രദ്ധിക്കാനും പാലിക്കാനും ഉപയുക്തമായ കാര്യങ്ങളാണ് ചുരുങ്ങിയ നിലയിൽ ഇവിടെ വിവരിക്കപ്പെട്ടത്. പടച്ചവൻ ഇത് പ്രയോജനപ്രദമാക്കുകയും ഇതിന്റെ വെളിച്ചത്തിൽ ഈ സരണിയിലൂടെ നല്ലനിലയിൽ സഞ്ചരിക്കാൻ ഉതവി നൽകുകയും ചെയ്യട്ടെ.

---


## സയ്യിദ് ഹസനി അക്കാദമിയുടെ പുതിയ ഉപഹാരം

# "തഫ്സീറുൽ ഹസനി"

വിശ്വപണ്ഡിതനായ അല്ലാമാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വിയുടെ പ്രധാന പിൻഗാമിയും പണ്ഡിതനും പ്രബോധകനുമായ മൗലാനാ സയ്യിദ് ബിലാൽ ഹസനി നദ്‌വിയാണ് ഇത് തയ്യാറാക്കിയത്. വിവർത്തനം അബ്ദുശ്ശകൂർ ഖാസിമി.

PH: 7736723639

## അനുബന്ധം

# തസവ്വുഫ്; ചില അടിസ്ഥാന കാര്യങ്ങൾ

മൗലാന മുഹമ്മദ് മൻസൂർ നുഅ്മാനി

### തസവ്വുഫ് എന്നാൽ എന്ത്?

പരിശുദ്ധ ഖുർആനിലും തിരുസുന്നത്തിലും പരാമർശിക്കപ്പെട്ടിരിക്കുന്ന ഒരു പ്രധാന ഗുണവും ദീനിന്റെ പൂർത്തീകരണവുമാണ് ഇഹ്സാൻ. യഥാർത്ഥത്തിൽ ഇതിനാണ് തസവ്വുഫ് എന്ന് പറയുന്നത്. ഇതിന്റെ യാഥാർത്ഥ്യം ചുരുങ്ങിയ വാക്കുകളിൽ ഇപ്രകാരം പറയാം: ഒരു കാര്യം നേരിൽ കണ്ടാൽ ഉണ്ടാകുന്നതുപോലെ, ഒരു ദാസന്റെ മനസ്സിൽ അല്ലാഹുവിനെക്കുറിച്ച് യാതൊരു ദുഷ്ചിന്തകൾക്കും ഊഹങ്ങൾക്കും ഇടയുണ്ടാകാത്ത നിലയിൽ അടിയുറച്ച വിശ്വാസം ഉണ്ടായിത്തീരുക. തത്ഫലമായി അവന്റെ മനസ്സിൽ സദാസമയവും അല്ലാഹുവിന്റെ സ്മരണയും സ്നേഹ മഹത്വങ്ങളും നിറഞ്ഞ് നിൽക്കുക. തുടർന്ന് അവന്റെ ഇബാദത്ത്, സ്വഭാവം, പെരുമാറ്റം, ഇടപാടുകൾ തുടങ്ങി ജീവിതത്തിലെ സർവ്വ കാര്യങ്ങളുടേയും ആത്മാവ് ഈ വിശ്വാസവും ബന്ധവുമായി മാറുക. അതായത്, എന്ത് ചെയ്താലും ഈ വിശ്വാസത്തിന്റെ പ്രേരണ കാരണമായി മാത്രം ചെയ്യുക. അങ്ങനെ അവന്റെ അകവും പുറവും ഈ മഹത്തായ നിറത്തിലും മണത്തിലും നിറമണിയുക.

ഇഹ്സാൻ-തസവ്വുഫിന്റെ ഈ യാഥാർത്ഥ്യം മനസ്സിലാക്കിയാൽ ഇത് ദീനിന്റെ പരിപൂർണ്ണതയാണെന്ന് എല്ലാവർക്കും വ്യക്തമാകുന്നതാണ്. ഈ മഹൽ ഗുണത്തിനനുസരിച്ച് ഒരുവന്റെ ദീൻ പൂർണ്ണമാണ്. ഇതിന്റെ കുറവിന് അനുസൃതമായി അയാളുടെ ദീൻ അപൂർണ്ണവുമാണ്.

ഹദീസ് ജിബ്രീൽ' എന്ന പേരിൽ ഒരു പ്രധാന ഹദീസുണ്ട്. ചോദ്യോത്തര ശൈലിയിൽ, ദീനിന്റെ അദ്ധ്യാപനങ്ങൾ പരിപൂർണ്ണമായി അതിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. ഈമാനിനേയും ഇസ്ലാമിനേയും കുറിച്ച് വിവരിച്ച ശേഷം അതിൽ ഇഹ്സാനിനെയാണ്

പരാമർശിച്ചിരിക്കുന്നത്. അതിലൂടെ ഇഹ്സാനിന്റെ യാഥാർത്ഥ്യം മനസ്സിലാകുന്നത് പോലെ ഈമാൻ ഇസ്ലാമിന് ശേഷം ദീനിനെ പരിപൂർണ്ണമാക്കുന്ന അവസാനഘട്ടമാണ് അതെന്നും വ്യക്തമാകുന്നു.

പ്രസ്തുത ഹദീസിന്റെ ചുരുക്കം ഇതാണ്. ഒരിക്കൽ റസൂലുല്ലാഹിﷺ ഏതാനും സഹാബികളോടൊപ്പം ഇരിക്കുമ്പോൾ ജിബ്രീൽ(അ) നവാഗതനായ ഒരു അന്യന്റെ രൂപത്തിൽ വന്നു. തങ്ങളുടെ അരികിലിരുന്ന് ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. ആദ്യം ചോദിച്ചു: ഈമാൻ എന്നാൽ എന്താണ്.? തങ്ങൾ മറുപടി പറഞ്ഞു. ശേഷം ചോദിച്ചു: ഇസ്ലാം എന്നാൽ എന്താണ്.? തങ്ങൾ മറുപടി പറഞ്ഞു. ചുരുക്കത്തിൽ വിശ്വാസത്തേയും കർമ്മത്തേയും കുറിച്ചുള്ള ചോദ്യങ്ങളും ഉത്തരങ്ങളുമായി. പിന്നീട് ചോദിച്ചു: ഇഹ്സാൻ എന്നാൽ എന്താണ്.? തങ്ങൾﷺ അരുളി; നീ അല്ലാഹുവിനെ കാണുന്നത് പോലെ അല്ലാഹുവിനെ ആരാധിക്കുക. കാരണം, നീ അല്ലാഹുവിനെ കാണുന്നില്ലെങ്കിലും അല്ലാഹു നിന്നെ കാണുന്നുണ്ട്.! മറ്റൊരു രിവായത്തിൽ ആരാധിക്കുക എന്നതിന് പകരം ഭയന്ന് കഴിയുക എന്നും വേറെ ഒന്നിൽ അല്ലാഹുവിന് വേണ്ടി പ്രവർത്തിക്കുക എന്നും വന്നിട്ടുണ്ട്. ഒരു ദാസന്റെ മനസ്സിൽ സദാസമയവും അല്ലാഹു തന്റെ മുന്നിൽ ഉണ്ട് എന്ന വിശ്വാസവും ബോധവും അടിയുറച്ചാൽ മാത്രമേ, ദാസനിൽ ഈ അവസ്ഥ കൈവരികയുള്ളൂ. അതുകൊണ്ടാണ് റസൂലുല്ലാഹിﷺ ദുആ ഇരന്നത്,

അല്ലാഹുവേ, നിന്നെ സദാസമയവും കാണുന്നത് പോലെ നിന്നെ ഭയക്കാനും ആരാധിക്കാനും കഴിയുന്ന നിലയിൽ നീ എന്നെ ആക്കേണമേ! മരണം വരെ എന്റെ ഈ അവസ്ഥ നിലനിറുത്തേണമേ.

ഈ ഒരു അവസ്ഥയ്ക്കാണ് സൂഫികളുടെ സാങ്കേതിക ഭാഷയിൽ ഹുളൂർ', 'നിസ്ബത്ത്' എന്നെല്ലാം പറയപ്പെടുന്നത്. ഈ അവസ്ഥ ഒരാളിൽ സമ്പൂർണ്ണമായി ഉണ്ടായിത്തീർന്നാൽ, അവൻ ഒരിക്കലും അല്ലാഹുവിനെക്കുറിച്ച് വിസ്മൃതിയിലോ സംശയങ്ങളിലോ അകപ്പെടുന്നതല്ല.

ശേഷം ഈ ഉന്നതഗുണത്തിന്റെ ഫലമെന്നോണം, അല്ലാഹുമായുള്ള ബന്ധത്തിന്റെ മുന്നിൽ അവന്റെ മറ്റെല്ലാ ബന്ധങ്ങളും മുറിഞ്ഞ് വീഴും. അവന്റെ ബാഹ്യ-ആന്തരിക കർമ്മങ്ങളെല്ലാം അല്ലാഹുവിന് വേണ്ടി മാത്രം ആയിത്തീരും. ഇതിനെക്കുറിച്ചാണ് റസൂലുല്ലാഹിﷺ അരുളിയത്.

ആരെങ്കിലും അല്ലാഹുവിന് വേണ്ടി സ്നേഹിക്കുകയും കോപിക്കുകയും കൊടുക്കുകയും കൊടുക്കാതിരിക്കുകയും ചെയ്താൽ അവന്റെ ദീനിനെ അവൻ പൂർണ്ണമാക്കിയിരിക്കുന്നു.'(അബൂദാവൂദ്)

### ഇഹ്സാൻവന്നവഴി

റസൂലുല്ലാഹി ﷺ ഈ മഹൽ ഗുണത്തിന്റെ സമുന്നത സ്ഥാനം കരസ്ഥമാക്കി. അത് കൊണ്ടാണ് തങ്ങൾ അരുളിയത്. 'തീർച്ചയായും, നിങ്ങളിൽ അല്ലാഹുവിനെക്കുറിച്ച് കൂടുതൽ അറിയുന്നവനും ഭയക്കുന്നവനും ഞാനാണ്.'

ശേഷം തങ്ങളുടെ സഹവാസം കാരണമായി പൊതുവിൽ എല്ലാ സഹാബികൾക്കും അവരവരുടെ ശേഷിക്കും അവസ്ഥക്കുമനുസരിച്ച് ഈ ഗുണം ലഭിച്ചു. തുടർന്നുള്ള യുഗങ്ങളിലെ മഹാൻമ്മാരുടെ മഹത്വങ്ങളുടെ അടിസ്ഥാനവും ഇത് തന്നെയായിരുന്നു. നമ്മുടെ ഈ യുഗത്തിലെ റബ്ബാനി-സൂഫി പണ്ഡിതനായിരുന്ന മൗലാന റഷീദ് അഹ്മദ് ഗംഗോഹി رحمه الله ഈ കാര്യം എഴുതിയിട്ടുണ്ട് (മകാതിബെ റശീദിയ്യ).

ചുരുക്കത്തിൽ റസൂലുല്ലാഹി ﷺ യുടെ സമുന്നത സഹവാസവും ശിക്ഷണ ശീലങ്ങളും കാരണമായി ഈ ഗുണം സഹാബികളിലെല്ലാം ഉണ്ടായിത്തീർന്നു. തങ്ങളുടെ വിയോഗാനന്തരം ഈ വിഷയത്തിൽ പ്രത്യേക സ്ഥാനം കരസ്ഥമാക്കിയ സഹാബികൾ പ്രത്യേകിച്ചും, പൊതു സഹാബികൾ പൊതുവായും ഈ ഗുണം പ്രചരിപ്പിച്ചു.

എന്നാൽ ബഹുമാന്യ സഹാബികൾ ഈ ലോകത്ത് നിന്നും വിട പറഞ്ഞപ്പോൾ കാലത്തിന്റെ ഒഴുക്ക് കാരണം ഇസ്ലാമിക സമൂഹത്തിൽ നന്മയുടെ അംശം കുറയാനും തിന്മയുടെ അളവ് കൂടാനും തുടങ്ങി. ഇത്തരുണത്തിൽ ഫിഖ്ഹീ മേഖലയിൽ മുജ്തഹിതുകളായ ഇമാമുകളെ പോലെ തന്നെ ഇഹ്സാനീ വിഷയത്തിൽ പ്രത്യേക സ്ഥാനം കരസ്ഥമാക്കിയ മഹത്തുക്കൾ ഇത് പ്രചരിപ്പിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചു. അങ്ങനെ ഇഹ്സാനീ ഗുണം ജനമനസ്സുകളിൽ ഉണ്ടാക്കിയെടുക്കാൻ ഖുർആൻ-ഹദീസുകളുടെ വെളിച്ചത്തിൽ തന്നെ ചില മാർഗ്ഗങ്ങൾ അവർ കണ്ടെത്തി. (1) ദിക്റിനെ അധികരിപ്പിക്കൽ (2) മുറാഖബ(ധ്യാനം) (3) മുജാഹദ(ത്യാഗം) എന്നിവയാണ് അവയിൽ പ്രധാന കാര്യങ്ങൾ. ഒരു

ഭാഗത്ത് ഖുർആൻ-ഹദീസുകളിൽ ഇവയെ കുറിച്ച് വ്യക്തമായ സൂചനകളുണ്ട്. മറുഭാഗത്ത് ബുദ്ധിയും ഇവയെ പിന്തുണയ്ക്കുന്നു. കൂടാതെ ബഹുഭൂരിഭാഗം ഉമ്മത്തിന്റെ സ്വീകാര്യതയും അനുഭവ സാക്ഷ്യങ്ങളും ഇവയെ ശരിവയ്ക്കുകയും ചെയ്യു.

### ആയിരത്തിലേറെ വർഷങ്ങളുടെ അനുഭവസാക്ഷ്യം

അടിയുറച്ച വിശ്വാസവും ഇലാഹി ബന്ധവുമായ ഇഹ്സാനീ ഗുണം ഉണ്ടാക്കിയെടുക്കാൻ സൂഫിവര്യന്മാരായ ആ മഹാന്മാർ നടപ്പിൽ വരുത്തിയ കാര്യങ്ങൾ അടിസ്ഥാനപരമായി ശരിയും ഫലങ്ങളുടെ വെളിച്ചത്തിൽ വിജയപ്രദവവുമാണെന്ന് ഉമ്മത്തിലെ ബഹുഭൂരിഭാഗവും ഏകോപിച്ചിരിക്കുന്നു. മഹാൻമ്മാരായ സിർരീ സിഖ്തി, ശഖീഖ് ബൽഖീ, ബായസീദ് ബിസ്താമി, ജുനൈദ് ബാഗ്ദാദി, അബൂബക്കർ ശിബ്ലി, ശൈഖ് അബ്ദുൽ ഖാദിർ ജീലാനി, ശൈഖ് ഷിഹാബുദ്ദീൻ സുഹ്റവർദി, ശൈഖ് അഹ്മദ് രിഫാഈ, ശൈഖ് ഹസൻ ഷാദുലി, ഖാജാ ഉസ്മാൻ ഹാറൂനി, ഖാജാ മുഈനുദ്ദീൻ ചിശ്തി, ഖാജാ ബഹാഉദ്ദീൻ നഖ്ശബന്ദി (റ:അലൈഹിം) എന്നീ സൂഫീനായകന്മാരുടെ മഹത്ത്വങ്ങളും അവരെക്കൊണ്ട് ഉമ്മത്തിനു ണ്ടായ ഗുണങ്ങളും ആർക്കും നിഷേധിക്കുക സാധ്യമല്ല. നമ്മുടെ അടുത്ത നൂറ്റാണ്ടുകാരനായ മുജദ്ദിദ് അൽഫഥാനി, അദ്ദേഹത്തിന്റെ ഖലീഫമാർ, ഷാഹ് വലിയുല്ലാഹിദ്ദഹ്ലവി, അദ്ദേഹത്തിന്റെ പരമ്പര യിൽപ്പെട്ടവർ, സയ്യിദ് അഹ്മദ് ഷഹീദ്, അദ്ദേഹത്തിന്റെ ശിഷ്യന്മാർ തുടങ്ങി ആയിരക്കണക്കിന് മഹാന്മാർ (റ:അലൈഹിം) അവരുടെ കാലങ്ങളിൽ ഈ വഴിയുമായി ബന്ധപ്പെട്ടവരും ഇതിന്റെ വക്താ ക്കളും നായകന്മാരുമായിരുന്നു. ഇവരോരുത്തരുടേയും ശിക്ഷണ സഹവാസങ്ങളിലൂടെ ലക്ഷക്കണക്കിനാളുകൾക്ക് ഇഹ്സാനീ ഗുണമുണ്ടായിത്തീർന്നു എന്നത് ഒരു ചരിത്ര വസ്തുതയാണ്. ഇത്തരുണത്തിൽ ഈ മാർഗ്ഗം ശരിയും വിജയപ്രദവും സ്വീകാര്യ വുമാണെന്നതിൽ എന്തു സംശയമാണുള്ളത്.?

### തസവ്വുഫിലെ തെറ്റുകളും തിരുത്താനുള്ള പരിശ്രമങ്ങളും

അതെ, ദീനിന്റെ ശാഖകളായ വിശ്വാസത്തിലും കർമ്മത്തിലും ഉമ്മത്തിലെ വിഭാഗങ്ങളിൽ നിന്നും ചെറുതും വലുതുമായ ധാരാളം തെറ്റുകൾ സംഭവിച്ചിട്ടുള്ളതുപോലെ തസവ്വുഫിന്റെ മേഖലകളിലും ധാരാളം തെറ്റുകൾ സംഭവിച്ചിട്ടുണ്ട്. എന്നാൽ, റബ്ബാനി ഉലമാഇലൂടെ

അല്ലാഹു വിശ്വാസ-കർമ്മങ്ങളിലെ തെറ്റുകൾ തിരുത്തിയതുപോലെ ഈ വിഷയത്തിലുള്ള തെറ്റുകളും അല്ലാഹു മഹാന്മാരിലൂടെ തിരുത്തുകയുണ്ടായി. ഇക്കഴിഞ്ഞ മൂന്ന്-നാല് നൂറ്റാണ്ടുകളിലായി ഇന്ത്യയിൽ ഈ വിഷയത്തിൽ നടന്ന പരിശ്രമങ്ങൾ പാലും വെള്ളവും പരിപൂർണ്ണമായി വേർതിരിച്ചു കഴിഞ്ഞു.

ചുരുക്കത്തിൽ, ചില തെറ്റുകൾ കണ്ട് ഇസ്ലാമിക വിശ്വാസ കർമ്മങ്ങളിൽ നിന്ന് അകന്ന് കഴിയാൻ അനുവാദമില്ലാത്തതുപോലെ ചില തെറ്റുകൾ കാരണം ദീനിന്റെ സമ്പൂർണ്ണതയും ഈമാനിന്റെ മാധുര്യവുമായ ഇഹ്സാനിനെ കൈയ്യൊഴിയുന്നതും ഒരു നിലക്കും ശരിയല്ല.

**ശൈഖിന്റെ ആവശ്യകത**

ഈ വഴിയിൽ സഞ്ചരിക്കുന്നതിന് ഒരു വഴികാട്ടി അത്യാവശ്യമാണെന്ന് ഈ മേഖലയിലെ മഹാത്മാക്കളെല്ലാം അഭിപ്രായപ്പെട്ടിരിക്കുന്നു. ഒരു വ്യക്തി, വൈദ്യ ശാസ്ത്ര ഗ്രന്ഥങ്ങൾ മാത്രം നോക്കി തന്റെയും മറ്റുള്ളവരുടെയും ചികിത്സ നടത്തിയാൽ തെറ്റും അപകടകരവുമായതുപോലെ ആത്മീയ മാർഗ്ഗത്തിലൂടെ സഞ്ചരിച്ച് ഇതിന്റെ ലക്ഷ്യമായ ഈമാനീഗുണവും ഇലാഹീബന്ധവും ഉണ്ടാക്കിയെടുക്കാൻ ഈ മാർഗ്ഗത്തിലെ ചൂടും തണുപ്പും അനുഭവിച്ച ഒരു ആത്മീയ ചികിത്സകന്റെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ട് തന്റെ മേൽനോട്ടത്തിന് അനുയോജ്യനായ ഒരു വ്യക്തിയെ കണ്ടെത്തുക എന്നതാണ് ഈ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവന്റെ പ്രഥമ ബാധ്യത. ഇതിന് 'ഇറാദത്ത്' എന്ന് പറയുന്നു.

ഇത്തരം അനുയോജ്യരായ വ്യക്തിത്വങ്ങൾ പ്രതിദിനം കുറഞ്ഞുവരികയാണ് എന്നത് ശരിയാണെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകം ഇന്നും അവരിൽ നിന്നും ഒഴിവായിട്ടില്ല എന്നതാണ് വസ്തുത. നമ്മുടെ പരിമിതമായ അറിവും അനുഭവവും വെച്ചുകൊണ്ട് പറയട്ടെ; ഇക്കാലഘട്ടത്തിലും ഈ മഹാനിധിയുടെ അനന്തരാവകാശികളും സൂക്ഷിപ്പുകാരുമായ ആളുകളുണ്ട്. അവരുടെ മേൽനോട്ടത്തിൽ ഈ വഴിയിൽ ഉദ്ദേശശുദ്ധിയോടെ ത്യാഗ പരിശ്രമങ്ങൾ ചെയ്യുന്നവർക്ക് മഹത്തായ ഇഹ്സാനീ ഗുണം തീർച്ചയായും ലഭിക്കുന്നതാണ്.

എവിടെയെങ്കിലും ശൈഖ് ചമഞ്ഞിരിക്കുന്നവരെല്ലാം ഇതിനു യോഗ്യരാണെന്ന് ഇപ്പറഞ്ഞതിന് അർത്ഥമില്ല. ഇക്കാലത്ത് പണ്ഡിതരിലും, വൈദ്യൻമ്മാരിലും പൂർണ്ണനും അപൂർണ്ണനും, സത്യനും വ്യാജനും ഉള്ളതുപോലെ ശൈഖ്മാരിലും ഇതെല്ലാമുണ്ട്. എന്നല്ല, ഇവിടെ സത്യൻമ്മാരെക്കാൾ വ്യാജന്മാരാണ് കൂടുതൽ എന്നതാണ് വസ്തുത. എന്നാൽ, ഇതരമേഖലകളിൽ യാഥാർത്ഥ്യം തിരിച്ചറിയാൻ കഴിയുന്നതുപോലെ ഈ വഴിയിലും അർഹനെയും അനർഹനെയും തിരിച്ചറിയുക വലിയ പ്രയാസമുള്ള കാര്യമല്ല. ഈ മാർഗ്ഗത്തിലെ ഇമാമായിരുന്ന ശാഹ് വലിയുല്ലാഹി ദഹ്ലവി رحمه الله യെ പോലുള്ള അഗാധജ്ഞാനികൾ ഖുർആൻ-ഹദീസുകളുടെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ ഇത്തരം ആളുകളുടെ ചില അടയാളങ്ങൾ വിവരിച്ചിട്ടുണ്ട്. അതിലൂടെ അവരെ വളരെ എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയുന്നതാണ്. അവരുടെ പ്രഥമവും പ്രധാനവുമായ അടയാളങ്ങൾ ഇതാണ്. അവർ ശരീഅത്ത് നിയമങ്ങൾ മുറുകെ പിടിക്കുന്നവരാണ്, അവരുടെ അരികിൽ ഇരിക്കുന്നതുകൊണ്ട് അല്ലാഹുവിന്റെ ഓർമവരും, ഭൗതിക സ്നേഹം കുറയും, ഇലാഹീ സ്നേഹവും പാരത്രിക ചിന്തയും വർദ്ധിക്കും, അവരുടെ മേൽനോട്ടത്തിൽ ഈ വഴിയിൽ സഞ്ചരിക്കുന്നവരിലും ഈ ഗുണങ്ങൾ വ്യക്തമായി കാണപ്പെടും.

ചുരുക്കത്തിൽ, അല്ലാഹുവിന്റെ ഇത്തരം അടിമകളെ ഒന്നുകിൽ അന്വേഷിച്ച് കണ്ടെത്തുക. അല്ലെങ്കിൽ, വിശ്വസ്തരായ ആരെങ്കിലും അഭിപ്രായപ്പെട്ടതനുസരിച്ച് ഒരാളെ കണ്ടെത്തുക. അവരക്കുറിച്ച് ഉത്തമ ബോധ്യം വന്നതിന് ശേഷം അവരുമായി ബന്ധപ്പെടാനുള്ള ആഗ്രഹം പ്രകടിപ്പിക്കുക. ശേഷം, ശാരീരിക രോഗങ്ങളിൽ വൈദ്യന്റെ നിർദേശം പാലിക്കുന്നതു പോലെ അവരുടെ നിർദേശങ്ങൾ പാലിക്കുക. ഇതാണ് തസവ്വുഫിന്റെ തുടക്കം.

ഇങ്ങനെ ചെയ്താൽ, ഹഖുൽ യഖീനിന്റെയും നൂറുൽ യഖീനിന്റെയും ഇഹ്സാനീ ഗുണത്തിന്റെയും ഒരംശം തീർച്ചയായും ലഭിക്കുന്നതാണ്. അതിലൂടെ നമ്മുടെ ഈമാൻ നന്നായിത്തീരും. അദൃശ്യ കാര്യങ്ങൾ ദൃശ്യകാര്യങ്ങളെപ്പോലെ ഉറപ്പുള്ളതായിത്തീ

രും. എല്ലാ വിധ സംശയങ്ങളും ദുർബോധനങ്ങളും മാറിക്കിട്ടും. അങ്ങനെ ജീവിതം മുഴുവൻ ഇഹ്സാനീ-ജീവിതമായി മാറുന്നതാണ്.

### പ്രത്യേകവും പൊതുവായതുമായ ശൈലികൾ

തസവ്വുഫ്-ഇഹ്സാനിന്റെ ലക്ഷ്യവും മാർഗ്ഗവുമാണ് ഇതുവരെ മൊത്തത്തിൽ വിവരിക്കപ്പെട്ടത്. എന്നാൽ, ഈ വിഷയത്തിൽ രണ്ട് ശൈലികളുണ്ട്. പ്രത്യേകമായ ശൈലിയാണ് അതിലൊന്ന്. അതായത് ഒരു മഹാന്റെ ശിക്ഷണശീലങ്ങളിലായി ത്യാഗപരിശ്രമങ്ങളോടെ ഇതിന്റെ ഉന്നതങ്ങളിലേക്കുയരൽ ലക്ഷ്യം വിലപിടിപ്പുള്ളതായതു കൊണ്ട് അതിന്റെ വിലയായ ത്യാഗപരിശ്രമങ്ങളും കൂടുതലാണ്. ഈ ശൈലിയിലുള്ള പരിശ്രമത്തിന് മുന്നിട്ടിറങ്ങുന്നവരും എക്കാലത്തും കുറവായിരുന്നു.

എന്നാൽ, ഇതേ മാർഗ്ഗത്തിൽ മറ്റൊരു ശൈലി കൂടിയുണ്ട്. ഷാഹ് വലിയുല്ലാഹ് ദഹ്ലവി رحمه الله ഇതിന് ഇഹ്സാനിന്റെ പൊതുവായ സ്ഥാനം എന്നാണ് പേര് നൽകിയിരിക്കുന്നത്. ഇതെല്ലാവർക്കും സാധിക്കുന്ന എളുപ്പമായ രീതിയാണ്. ഇതിൽ പറയപ്പെടുന്ന കാര്യങ്ങൾ അതനുസരിച്ചാൽ വിശ്വാസം അടിയുറക്കുന്നതോടൊപ്പം ഇബാദത്ത്-ദിക്റുകളിൽ താൽപര്യവും ആഗ്രഹവും ഉണ്ടായിത്തീരും. അതിൽ രസാനുഭൂതി അനുഭവപ്പെടും. സ്വഭാവ കർമ്മങ്ങൾ നന്നായിത്തീരും. തിൻമകളോട് വെറുപ്പും നൻമകളോട് താൽപര്യവും ഉണ്ടായിത്തീരുന്നതാണ്.

ഇതിൽ ഒന്നാമത്തെ സ്ഥാനത്തെക്കുറിച്ച് എന്തെങ്കിലും പറയാൻ ഈ വിനീതൻ അൽപം പോലും അർഹനല്ല. അതിനെ ആഗ്രഹിക്കുന്നവർ, അതിന് യോഗ്യതയുള്ള മഹാൻമ്മാരുമായി ബന്ധപ്പെട്ട് അതിൽ പ്രവേശിക്കാൻ അപേക്ഷിക്കുന്നു. എന്നാൽ, രണ്ടാം സ്ഥാനത്ത് പ്രവേശിക്കാൻ ആഗ്രഹിക്കുന്ന സഹോദരങ്ങൾക്ക് മുമ്പാകെ ഈ വിഷയത്തിൽ മഹാൻമ്മാരിൽ നിന്നും കേട്ടിട്ടുള്ള ഏതാനും ഉപദേശങ്ങൾ ഉദ്ധരിക്കാൻ ആഗ്രഹിക്കുന്നു. ആരെങ്കിലും അതനുസരിച്ച് ജീവിച്ചാൽ, കരുണാനിധിയായ അല്ലാഹു അവർക്ക് നൽകുന്നതുപോലുള്ള പ്രതിഫലം വിനീതനും നൽകുമെന്ന് പ്രതീക്ഷിച്ചു കൊണ്ട് അവ ഇവിടെ കുറിക്കുകയാണ്.

## പൊതുവായ ശിക്ഷണം ആഗ്രഹിക്കുന്നവർക്കുള്ള പ്രാരംഭ കർമ്മ പദ്ധതി

(1) ഏറ്റവും ആദ്യമായി ചെയ്യേണ്ട കാര്യം വിശ്വാസം ശരിയാക്കുകയും ഉറപ്പിക്കുകയുമാണ്. വിശ്വാസം മോശമാവുകയും ശിർക്ക് പോലുള്ള കാര്യങ്ങളുമായി ബന്ധപ്പെടുകയും ചെയ്താൽ, എല്ലാ കർമ്മങ്ങളും നിഷ്ഫലമാണ്. അത്തരക്കാർ എല്ലാ പകലും നോമ്പനുഷ്ഠിക്കുകയും മുഴുവൻ രാത്രിയും നമസ്കരിക്കുകയും ചെയ്താലും അല്ലാഹുവിങ്കൽ യാതൊരു വിലയുമില്ല. അതുകൊണ്ട് വിശ്വാസങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് മനസ്സിലാക്കുക.

(2) നമസ്കാരം പോലുള്ള ആരാധനകളും സമ്പാദ്യം പോലുള്ള ഇടപാടുകളുമായി ബന്ധപ്പെട്ട നിയമ മര്യാദകൾ അറിയില്ലെങ്കിൽ അത് പഠിക്കാൻ ശ്രമിക്കുക. ഓരോരുത്തരുടേയും അവസ്ഥക്കനുസരിച്ച് അതിനുള്ള മാർഗ്ഗം തിരഞ്ഞെടുക്കുക.

(3) അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കുന്ന വിഷയത്തിൽ വന്നിട്ടുള്ള വീഴ്ചകളിൽ നിന്നും പാപങ്ങളിൽ നിന്നും സത്യസന്ധമായി തൗബ ചെയ്യുകയും, ശിഷ്ട ജീവിതം ഉടമസ്ഥന്റെ കൽപ്പനകൾ അനുസരിച്ച് ജീവിക്കുമെന്ന് ഉറച്ച തീരുമാനം എടുക്കുകയും ചെയ്യുക.

(4) നാം മനുഷ്യരാണ്. മാനുഷിക ബലഹീനതകളും നഫ്സിന്റെയും പിശാചിന്റെയും ദുഷ്പ്രേരണകളും എപ്പോഴും നമ്മോടൊപ്പമുണ്ട്. ചില വേള പാപത്തിൽ നിന്നും അകന്ന് കഴിയാൻ ഉറച്ച തീരുമാനം എടുത്താലും നഫ്സും ശൈത്താനും പാപത്തിൽ കുടുക്കുന്നതാണ്. അതുകൊണ്ട് വല്ല പാപങ്ങളും ഉണ്ടായിപ്പോയാൽ ഉടനടി അല്ലാഹുവിനോട് തൗബ ചെയ്ത്, ഇനിയൊരിക്കലും പാപം ചെയ്യില്ല എന്ന ഉറച്ച തീരുമാനം എടുക്കുന്ന സ്വഭാവം ഒരു പതിവാക്കി മാറ്റുക. പാപങ്ങൾക്ക് ശേഷം ദുഃഖത്തോടെ പശ്ചാത്തപിക്കുന്നത് കൊണ്ട് പാപം പൂർണ്ണമായി പൊറുക്കുന്നതിനോടൊപ്പം അല്ലാഹുവിന്റെ സ്നേഹത്തിന് പാത്രീഭൂതനുമാകുന്നതുമാണ്.

'തീർച്ചയായും അല്ലാഹുതആല കൂടുതലായി തൗബ ചെയ്യുന്നവരെ ഇഷ്ടപ്പെടുന്നു.' പരദൂഷണം, അക്രമം, അപഹരണം, നിന്ദിക്കൽ പോലെ പാപം സൃഷ്ടികളുമായി ബന്ധപ്പെട്ടതാണെങ്കിൽ, അല്ലാഹുവിനോട് മാപ്പിരക്കുന്നതിനോടൊപ്പം അവരെ കൊണ്ട് പൊരുത്തപ്പെടീക്കലും അത്യാവശ്യമാണ്. ഈ വിഷയത്തിൽ കടുത്ത മുന്നറിയിപ്പ് വന്നിട്ടുണ്ട്.

(5) അല്ലാഹുവിങ്കൽ വളരെ പ്രാധാന്യമുള്ളതും അവന്റെ കാരുണ്യവും പൊരുത്തവും നേടിത്തരുന്നതിൽ വലിയ പങ്ക് വഹിക്കുന്നതുമായ ഒന്നാണ് സത്സ്വഭാവം. അതുകൊണ്ട് സത്സ്വഭാവങ്ങൾ ഉണ്ടാക്കിയെടുക്കാനും ദുഃസ്വഭാവങ്ങൾ വർജ്ജിക്കാനും നാം പ്രത്യേകം പരിശ്രമിക്കേണ്ടതാണ്. പക്ഷെ സ്വഭാവത്തിന്റെ ബന്ധം കൂടുതലും മനുഷ്യന്റെ പ്രകൃതിയുമായിട്ടാണ്. അതുകൊണ്ട് കർമ്മങ്ങൾ നന്നാക്കുന്നതിനേക്കാൾ പ്രയാസകരമാണ് സ്വഭാവം നന്നാക്കൽ. പക്ഷെ അല്ലാഹു എളുപ്പമാക്കിയവർക്ക് അത് അൽപവും പ്രയാസകരമല്ല. അതിനുള്ള എളുപ്പ വഴി ഇതാണ്; വിനയം, മയം, സഹനത, കാരുണ്യം, ക്ഷമ, ആത്മസംതൃപ്തി, ആത്മത്യാഗം, ധർമ്മനിഷ്ഠ, ഗുണകാംക്ഷ മുതലായ സത്സ്വഭാവങ്ങൾ ആവശ്യമായ ഘട്ടത്തിൽ പ്രത്യേകം ശ്രദ്ധയോടെ മനപ്പൂർവ്വം മുറുകെ പിടിക്കുക. അഹങ്കാരം, കോപം, പിശുക്ക്, ദുരാഗ്രഹം, അസൂയ, പരിഹാസം, സ്വാർത്ഥത മുതലായ ദുർഗുണങ്ങൾ ഉണ്ടാകുന്ന ഘട്ടത്തിൽ ഉറച്ച മനക്കരുത്തോടെ അതിനെതിരിൽ നിലയുറപ്പിക്കുക. ഇൻശാ അല്ലാഹ് കുറഞ്ഞ ദിവസത്തെ പരിശീലനത്തിലൂടെ ഈ ഗുണങ്ങൾ ഉണ്ടായിത്തീരുന്നതും ദുർഗുണങ്ങൾ ഇല്ലാതാകുന്നതുമാണ്. റസൂലുല്ലാഹി ﷺ അരുളി: 'ആരെങ്കിലും (സ്വന്തമായ നിലയിൽ) ക്ഷമിച്ചാൽ അല്ലാഹു അവനെ ക്ഷമയുള്ളവനാക്കുന്നു.' ഈ ഹദീസ് ഇതിലേക്ക് സൂചനയാണ്.

(6) ഇബാദത്തുകളെല്ലാം വിശിഷ്യാ നമസ്കാരം നല്ല നിലയിൽ നിർവ്വഹിക്കാൻ ശ്രദ്ധിക്കുക. സുന്നത്തായ ഇബാദത്തുകളും പതിവാക്കുക. സുന്നത്ത് നമസ്കാരങ്ങളിൽ തഹജ്ജുദ് പ്രത്യേകം ശ്രദ്ധിക്കുക. ശാരീരികവും സാമ്പത്തികവും, രണ്ടും സമ്മിശ്രമായതുമായ ഫർളുകളും സുന്നത്തുകളും എല്ലാ ഇബാദത്തുകളും (അവയിൽ ആത്മാവ് ഉണ്ടായിരുന്നാൽ) ഇലാഹീ സാമീപ്യത്തിനും ആത്മീയ ഉന്നതിക്കും ഉതകുന്ന വലിയ മാധ്യമങ്ങളാണ്. അവകൾ ബാഹ്യമായും ആന്തരികമായും നന്നാക്കാൻ പഠിക്കുക.

(7) ഖുർആൻ ഷെരീഫ് പാരായണവും ദിക്റുകളും പതിവാക്കുക. ഉദാഹരണത്തിന് സുബ്ഹാനല്ലാഹി വൽഹംദുലില്ലാഹി വലാഇലാഹ ഇല്ലല്ലാഹു അല്ലാഹു അക്ബർ, ഇസ്തിഗ്ഫാർ, സ്വലാത്ത് എന്നിവ രാവിലെയും വൈകുന്നേരവും കുറച്ചെങ്കിലും പതിവായി ചെയ്യുക. ഇവയുടെ ആശയം മനസ്സിൽ ധ്യാനിച്ചും പ്രതിഫലം ആഗ്രഹിച്ചും മനസ്സിൽ ഇവയുടെ പ്രകാശം പരക്കണമെന്നുദ്ദേശിച്ചും ചെയ്യുക. കൂടാതെ എല്ലാ നമസ്കാരാനന്തരവും സുബ്ഹാനല്ല് 33, അൽഹംദുലില്ലാഹ് 33, അല്ലാഹുഅക്ബർ 33 മുതലായവ പതിവാക്കുക. രാത്രി കിടക്കുമ്പോഴും ഈ ദിക്റുകൾ ആവർത്തിക്കുക.

ഖുർആൻ തിലാവത്തിന് അനുയോജ്യമായ ഒരു സമയം നിശ്ച

യിക്കുക. 1-2 റുകൂഅ് പോലെ കുറച്ചെന്തെങ്കിലും കൃത്യനിഷ്ഠയോടെ ആദരവ് മുറുകെ പിടിച്ച് കൊണ്ട് ഓതുക.

ഇതര തൊഴിലുകളിൽ മുഴുകിയിരിക്കുമ്പോൾ തന്നെ ഏതെങ്കിലും ദിക്റുകൾ ഇടക്കിടെ ചൊല്ലിക്കൊണ്ടിരിക്കുക. കുറഞ്ഞ ദിവസത്തെ പരിശീലനം കൊണ്ട് ഇത് പതിവാക്കാൻ കഴിയും. 'അല്ലാഹുവിന്റെ സ്മരണയെ തൊട്ടും നമസ്കാരം നിലനിർത്തുന്നതിനെ തൊട്ടും സകാത്ത് കൊടുക്കുന്നതിനെ തൊട്ടും തങ്ങളുടെ കച്ചവടം തടസ്സമാകാത്ത ചിലയാളുകളാണിവർ' എന്ന പ്രശംസാ വചനത്തിൽ പ്പെടാനുള്ള ഒരു എളുപ്പ വഴിയാണിത്.

(8) രാത്രി ഇഷാക്ക് ശേഷമോ പകലിലെപ്പോഴെങ്കിലുമോ 4-5 മിനിറ്റ് ഒഴിവാക്കിയെടുക്കുക. മറ്റ് മുഴുവൻ ചിന്തകളും ജോലികളും മാറ്റിവെച്ച് ഇപ്രകാരം ചിന്തിക്കുക. 'ഉറപ്പായും സംഭവിക്കുന്ന മരണ നേരം എന്റെ അവസ്ഥ എന്തായിരിക്കും.? എന്നെ മറ്റുള്ളവർ കുളിപ്പിച്ച് കഫൻ പൊതിഞ്ഞ് ജനാസ നമസ്കരിച്ച് ഖബറിൽ ഇറക്കിവെച്ച് മടങ്ങുമ്പോൾ ഏകാന്തതയുടെ ആ ഭവനത്തിൽ എന്റെ ഗതിയെന്തായിരിക്കും.? ശേഷം അല്ലാഹുവിന്റെ മാപ്പിനും കാരുണ്യത്തിനും അർഹനായില്ലെങ്കിൽ ഖിയാമത്ത് നാളിലെ ദൈർഘ്യമേറിയ ദിനത്തിൽ എന്ത് നാശമായിരിക്കും. വിചാരണയ്ക്ക് അല്ലാഹുവിന്റെ മുന്നിൽ എന്നെ നിറുത്തപ്പെടുകയും കർമ്മ പുസ്തകം തുറക്കപ്പെടുകയും വിചാരണ നടക്കുകയും ചെയ്യുമ്പോൾ എന്റെ നില എന്തായിരിക്കും.? ഇങ്ങനെ മരണാനന്തരമുള്ള അവസ്ഥകളെ അവിടെ എത്തിയതായി സങ്കൽപ്പിക്കുക.! ശേഷം വളരെയധികം വിനയ-വണക്കത്തോടെ ഇപ്രകാരം ദുആ ഇരക്കുക; അല്ലാഹുവേ, എന്റെ പാപങ്ങളെല്ലാം പൊറുക്കേണമേ.! ഈമാനോടെ മരിക്കാൻ ഭാഗ്യം നൽകേണമേ.! ഖബ്റിലും അനുബന്ധ ഘട്ടങ്ങളിലും കാരുണ്യവും ഔദാര്യവും കാട്ടണേ.!' ഇതിന് നാലഞ്ച് മിനിറ്റുകളെ എടുക്കുകയുള്ളൂ. പക്ഷെ കൃത്യനിഷ്ഠ പാലിക്കേണ്ടതാണ്.

(9) ദിക്ർ ഇബാദത്തുകൾ തുടങ്ങി എന്ത് നന്മ ചെയ്താലും മനസ്സിൽ അതിന്റെ സവാബ് ഉറപ്പിച്ചും ആഗ്രഹിച്ചു കൊണ്ടും ചെയ്യുക. ഇതിന് ഈമാൻ-ഇഹ്തിസാബ് എന്ന് പറയപ്പെടുന്നു. ഇതുള്ള രണ്ട് റകഅത്ത് ഇതില്ലാത്ത ഇരുന്നൂറ് റകഅത്തിനേക്കാൾ ശ്രേഷ്ഠമാണ്. ആഹാരം, സമ്പാദ്യം, നടത്തം, ഇരുത്തം, ഇണകളുമായുള്ള സല്ലാപം, സന്തോഷം എന്നിങ്ങനെ എല്ലാ അനുവദനീയ കർമ്മങ്ങളും ഇബാദത്തും പ്രതിഫലാർഹവുമായി മാറ്റുന്ന അത്ഭുത മാർഗ്ഗമാണ് ഈമാൻ-ഇഹ്തിസാബ്.

(10) ദുആ അധികരിപ്പിക്കൽ അനുവദനീയമായ ആഗ്രഹങ്ങൾ സഫലമാകാനുള്ള ഒരു വഴിയായതിനോടൊപ്പം ഒരു പ്രത്യേക ഇബാദത്ത് കൂടിയാണ്. എന്നല്ല ദുആ ഇബാദത്തിന്റെ മജ്ജയാണെന്ന്

റസൂലുല്ലാഹിﷺ അരുളിയിരിക്കുന്നു.

അതുകൊണ്ട് നമസ്കാരങ്ങൾക്ക് ശേഷവും മറ്റു സ്വീകാര്യ തയുളള സമയങ്ങളിലും ദുആ അധികരിപ്പിക്കുക. റസൂലുല്ലാഹിﷺ യുടെ മേലുള്ള അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹങ്ങളിലൊന്നാണ് ആഴമേറിയ ദുആ വചനങ്ങൾ. ഹദീസ് കിത്താബുകളിൽ തങ്ങളുടെ നൂറ് കണക്കിന് ദുആ വചനങ്ങളുണ്ട്. അതിൽ വലിയ പ്രകാശവും ഐശ്വര്യങ്ങളും അനുഭവപ്പെടുന്നതാണ്. മുല്ലാ അലിയ്യുൽ ഖാരിرحمه الله 'ഹിസ്ബുൽ അഅ്ളം' എന്ന പേരിലും, ഹകീമുൽ ഉമ്മത്ത് മൗലാന അഷ്റഫ് അലി ഥാനവിرحمه الله 'മുനാജാത്ത് മഖ്ബൂൽ' എന്ന പേരിലും അത് ക്രോഡീകരിച്ചിട്ടുണ്ട്. ഏഴ് ഭാഗമായി തിരിച്ചിട്ടുളള അതിൽ ഓരോ ഭാഗവും ദിവസവും ഓതുന്നത് ഉത്തമമാണ്.

ഇസ്ലാം എന്നാൽ എന്ത് എന്ന രചനയുടെ അവസാനത്തിൽ ഖുർആൻ-ഹദീസുകളിൽ നിന്നും തിരഞ്ഞെടുത്ത ആശയസമ്പുഷ്ട മായ **40** ദുആകൾ വിനീതൻ ഉദ്ധരിച്ചിട്ടുണ്ട്. അത് തർജ്ജമ ശ്രദ്ധിച്ച് കൊണ്ട് **5** മിനിറ്റിനുള്ളിൽ ഓതാൻ കഴിയുന്നതാണ്. അതെങ്കിലും പതിവാക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

ഈ വഴിയിലെ പ്രാരംഭ യാത്രികർക്ക് ഈ പത്ത് നിർദേശങ്ങൾ മതിയായതാണ്. എന്നാൽ, കിത്താബിൽ നിന്നും ഇവ വായിക്കുന്നതി നേക്കാൾ നല്ലത് 'ജീവനുള്ള ഏതെങ്കിലും കിത്താബി'ന്റെ സഹവാസം ഇതിന് തിരഞ്ഞെടുക്കുന്നതാണ്.

അവസാനമായി റസൂലുല്ലാഹിﷺയുടെ ഏതാനും ദുആകൾ ഉദ്ധരിച്ച് ഈ രചനക്ക് സമാപനം കുറിക്കുന്നു.

അല്ലാഹുവേ, നീ അദൃശ്യമായതെല്ലാം അറിയുന്നു. സർവ്വകാ ര്യങ്ങളുടെ മേലും നിനക്ക് കഴിവുമുണ്ട്. ഇതിനെ മുൻനിർത്തി ഞാൻ നിന്നോടിരക്കുന്നു; ഞാൻ ജീവിച്ചിരിക്കുന്നത് നന്മയായിരിക്കുന്ന കാലമെല്ലാം എന്നെ ജീവിപ്പിക്കേണമേ. ഞാൻ മരിക്കുന്നത് ഉത്ത മമായ സമയത്ത് എന്നെ മരിപ്പിക്കേണമേ. രഹസ്യത്തിലും പരസ്യ ത്തിലും നിന്നെ ഭയപ്പെടുക, തൃപ്തിയിലും കോപത്തിലും നീതിയുടെ വാക്കുകൾ പറയുക, വിശാലതയിലും ഞെരുക്കത്തിലും മധ്യ നില മുറുകെപ്പിടിക്കുക എന്നീ ഗുണങ്ങൾ ഉൾകൊളളാനുളള സൗഭാഗ്യം ഞാൻ നിന്നോടിരക്കുന്നു. അവസാനിക്കാത്ത സുഖം, നിലക്കാത്ത ചൺകുളിർമ, നിന്റെ തിരുമുഖം ദർശിക്കുക, അതിനുള്ള ആഗ്രഹം എന്നിവ ഞാൻ നിന്നോടിരക്കുന്നു. എന്നെ പ്രയാസപ്പെടുത്തുന്ന കാര്യങ്ങളിൽ നിന്നും വഴികെടുത്തുന്ന നാശത്തിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. അല്ലാഹുവേ, ഈമാൻ കൊണ്ട് ഞങ്ങളെ നീ അലങ്കരിക്കേണമേ.! ഞങ്ങളെ സൻമ്മാർഗ്ഗികളും സൻമ്മാർഗ്ഗദർ ശകരും ആക്കേണമേ.!'.